# വിദ്യാർത്ഥികൾക്ക് പിന്നാലെ മൂലകോശ ദാനവുമായി കെ.എം.ഇ.എ ജീവനക്കാരനും



ആലുവ: കാൻസർ രോഗിക്ക് മൂലകോശം ദാനം ചെയ്തുകൊണ്ട് എടത്തല കെ.എം.ഇ.എ എൻജിനീയറിംഗ് കോളജ് വീണ്ടും അന്താരാഷ്ട്രാ പ്രശസ്തിയിലേക്ക്. കോളജിലെ പ്ലേസ്മെന്റ് ഓഫീസർ കെ. എസ്. മഹേന്ദ്രയാണ് മൂലകോശം ദാനം ചെയ്തുകൊണ്ട് കാൻസർ രോഗിയെ പുതുജീവിതത്തിലേക്ക് കൈപിടിച്ച്യുർത്തിയത്. നേരത്തെ ഇതേ കോളജിലെ നാല് വിദ്യാർത്ഥികൾ മൂലകോശദാനത്തിലൂടെ നാല് കാൻസർ രോഗികളെ രക്ഷപെടുത്തിയിരുന്നു. ഗുരുതരമായ ലുക്കീമിയ ബാധിതനായ യുവാവിനാണ് മഹേന്ദ്ര തന്റെ മൂലകോശം ദാനം ചെയ്തത്. വിദേശത്ത് നിന്നടക്കമുള്ള നിരവധി അഭിനന്ദന സന്ദേശങ്ങളാണ് കോളജിൽ ലഭിച്ചുകൊണ്ടിരിക്കുന്നത്. കഴിഞ്ഞ വർഷം കോളജിന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച മൂലകോശ ദാന ക്യാമ്പിൽ വച്ചാണ് മഹേന്ദ്ര തന്റെ സാമ്പിൾ നൽകുന്നത്. മൂലകോശ ദാനത്തിനായി പ്രവർത്തിക്കുന്ന സന്നദ്ധസംഘടനയായ ധാത്രി യുമായി സഹകരിച്ചായിരുന്നു പരിപാടി.

ധാത്രിയിൽ പുതുതായി രജിസ്റ്റർ ചെയ്ത യുവാവിന്റെ ശസ്ത്രക്രിയക്ക് ആവശ്യമായ ഘടകങ്ങളോട് കൂടിയ മൂലകോശത്തിന് മഹേന്ദ്രയുടെ സാംപിളുമായി ഉണ്ടായ സാദൃശ്യമാണ് ഈ സദുദ്യമത്തിന് വഴിത്തിരിവായത്. പതിനായിരത്തിൽ ഒരാളിലാണ് മറ്റൊരാളുടെതിന് സമാനമായ രക്തത്തിലെ മൂലകോശങ്ങൾ ഉണ്ടാകുകയുള്ളൂ. ഒരു ജീവൻ രക്ഷിക്കാൻ ലഭിച്ച അവസരത്തെ നിറഞ്ഞ മനസ്സോടെയാണ് മഹേന്ദ്ര സ്വീകരിച്ചത്. മഹേന്ദ്രയുടെ തീരുമാനത്തെ കുടുംബാംഗങ്ങളും പിന്തുണച്ചതോടെ ഇടപ്പള്ളി അമൃത ഹോസ്പിറ്റലിൽവെച്ച് മൂലകോശം ദാനം ചെയ്തു.

ക്ലിനിക്കൽ ഓങ്കോളജി വിഭാഗം മേധാവി ഡോ. നീരജ് സിദ്ധാർത്ഥിന്റെ നേതൃത്വത്തിലാണ് മൂലകോശ ശേഖരണം നടന്നത്. തിരുവനന്തപുരം കാര്യവട്ടം സ്വദേശിയാണ് മഹേന്ദ്ര. നേരത്തെ ബാംഗ്ലൂർ സ്വദേശിയായ 29 കാരന് മൂലകോശം ദാനം ചെയ്തുകൊണ്ട് കെ.എം.ഇ.എ കോളജിലെ വിദ്യാർത്ഥികളായ അക്ഷയ് കൃഷ്ണനും, 19 കാരിക്ക് മൂലകോശം ദാനം ചെയ്തുകൊണ്ട് എബിൻ സജിയും, 17 കാരിക്ക് മൂലകോശം ദാനം ചെയ്തുകൊണ്ട് അജ്മൽ റഹ്മാനും ഒൻപത് വയസ്സുള്ള കുട്ടിക്ക് മൂലകോശം ദാനം ചെയ്തുകൊണ്ട് ഷബാസ് സലീമും മാതൃകയായിരുന്നു. ആലപ്പുഴ എരമല്ലൂർ സ്വദേശിയായ അക്ഷയ് മൂലകോശം ദാനം ചെയ്യുന്ന ഏറ്റവും പ്രായം കുറഞ്ഞ വ്യക്തി എന്ന പ്രത്യേകതയും കരസ്ഥമാക്കിയിരുന്നു. ഇന്ത്യയിൽ ഇതുവരെ 225 പേരാണ് മൂലകോശം ദാനം ചെയ്തിട്ടുള്ളത്. ഏതാണ്ട് രണ്ട് ലക്ഷത്തോളം ആളുകൾ മൂലകോശം ദാനത്തിന് സന്നദ്ധത അറിയിച്ചുകൊണ്ട് ധാത്രി യിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. കോളജിൽ നടത്തിയ പരിപാടിയിലൂടെ അഞ്ച് പേരെ ജീവിതത്തിലേക്ക് തിരികെ കൊണ്ടുവരാൻ കഴിഞ്ഞതിന്റെ ആഹ്ലാദത്തിലാണ് കോളജ് മാനേജ്മെന്റ്.